**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2316** **12-10-2021 - ൽ മറുപടിയ്ക്ക്**

**കടപ്പത്രം ഇറക്കാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ആയിരത്തി അഞ്ഞൂറ് കോടി രൂപയുടെ കടപ്പത്രം ഇറക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | പൊതു വിപണിയിൽ നിന്നും 29.09.2021 –ൽ 1500 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് സാമ്പത്തിക അച്ചടക്കം പാലിക്കാതിരുന്നതും നികുതി പിരിവിലുണ്ടായ വീഴ്ചയും ജി.എസ്.ടി. വരുമാനത്തിൽ ഉണ്ടായ ഇടിവും സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണമായെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഇല്ല. അതേസമയം, പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണോ ചുരുങ്ങിയ കാലയളവിൽ ഇത്രയും കോടി രൂപയുടെ കടപ്പത്രം ഇറക്കാൻ തയ്യാറാകുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുത്തിട്ടുള്ളത്. |
| (ഡി) | ചെലവ് ചുരുക്കാൻ മുൻ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ വിജയപ്രദമായിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | അതെ. വിവിധങ്ങളായ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നിർവ്വഹിക്കുവാൻ |

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടുള്ളത് മുൻസർക്കാർ നടപ്പിലാക്കിയിട്ടുള്ള വ്യയനിയന്ത്രണ നടപടികളുടെ വിജയം കൂടിയാണ്. |

സെക്ഷൻ ഓഫീസർ